(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കാർഡ് ലഭ്യമാക്കാനായി കുടുംബാംഗങ്ങളുടെ ഫോട്ടോ എടുക്കുന്നതിനുണ്ടാകുന്ന തിരക്കുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ബുദ്ധിമുട്ടൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും കുടുംബാംഗങ്ങൾ മുഴുവൻ ഒരുമിച്ചു ഫോട്ടോ എടുത്ത് കാർഡ് പുതുക്കേണ്ട സ്ഥിതിയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ജനങ്ങൾ ഈ വർഷം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ താൽപ്പര്യപ്പെടുന്നതുമൂലം കുടുംബങ്ങളുടെ ഫോട്ടോ എടുക്കാനും സ്മാർട്ട് കാർഡ് വാങ്ങാനും നല്ല തിരക്ക് മിക്ക എൻറോൾമെന്റ് കേന്ദ്രങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഈ ബുദ്ധിമുട്ട് ഒഴിവാക്കാനായി മതിയായ പ്രിന്റർ, ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കി കൂടുതൽ സെന്ററുകൾ പ്രവർത്തിപ്പിക്കാനും ആവശ്യമായ സെന്ററുകളിൽ 2 ഷിഫ്റ്റ് ഏർപ്പെടുത്താനും ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. അതനുസരിച്ച് ഓരോ വർഷവും കുടുംബങ്ങൾ മുഴുവൻ ഒരുമിച്ച് ഫോട്ടോ എടുത്ത് കാർഡ് പുതുക്കേണ്ടതായുണ്ട്.

(സി) 2010 ജൂലൈ രണ്ടാം തീയതി ചണ്ഡീഗഡിൽ വച്ച് നടന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന-യുടെ ദേശീയ കൺവെൻഷനിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത തൊഴിൽ വകുപ്പ് സെക്രട്ടറിയും, ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറും ഈ ബുദ്ധിമുട്ട് കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ചികിത്സാ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി

96 (4152) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യമുള്ള തൊഴിലാളികളുടെ മാതാപിതാക്കൾക്കും ഈ ചികിത്സാ ആനുകൂല്യം ലഭ്യമായിരുന്നത് ഇപ്പോൾ ഒരേ റേഷൻകാർഡിലല്ല ഇവരുടെ പേരുകൾ ഉള്ളതെന്നതുകൊണ്ട് നിഷേധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യത്തിനർഹതയുള്ള മുഴുവൻ തൊഴിലാളികളുടെയും മാതാപിതാക്കൾക്ക് തൊഴിലാളികളുടെ റേഷൻകാർഡിൽ പേരില്ലെങ്കിലും മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സാനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.എസ്.ഐ. ചികിൽസാനുകൂല്യത്തിന് അർഹതയുള്ള മുഴുവൻ തൊഴിലാളികളുടേയും മാതാപിതാക്കൾക്ക് തൊഴിലാളികളുടെ റേഷൻ കാർഡിൽ പേരില്ലെങ്കിലും വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ചികിൽസാനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറി

97 (4153) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ചികിത്സ തേടി യെത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആവശ്യത്തിന് മരുന്നും മറ്റ് സൗകര്യങ്ങളും ഇല്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഈ പരാതികൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേർത്തല ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ ദിവസേന ഏകദേശം 150 രോഗികൾ ചികിൽസയ്ക്കായി എത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആവശ്യമായ മരുന്നുകൾ ഇതിനകം സപ്ലൈ ചെയ്തിട്ടുണ്ട്.

കശുവണ്ടി പരിപ്പ് കയറ്റുമതി

98 (4154) ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി പരിപ്പ് കയറ്റുമതിയിൽ ഈ വർഷം സംസ്ഥാനത്തിന് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കയറ്റുമതിയിൽ കുറവ് വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly